LIBRARY ARCHIVES Kerala Legislative Assembly

ഡി. ഡി. സി. കൃത്യമായി ചേരുവാനും പദ്ധതികൾ നടപ്പിലാക്കുവാനും നടപടി

147 [451] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:*
ഡോ. തോമസ് ഐസക്:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി പദ്ധതി രൂപീകരണവും നിർവ്വഹണവും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ ചിലത് അപ്രായോഗികവും പദ്ധതി നിർവ്വഹണത്തിന് തടസ്സം നിൽക്കുന്നതുമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(സി) വരൾച്ച, കാലവർഷക്കെടുതികൾ തുടങ്ങിയ സാഹചര്യങ്ങളിൽ പ്രത്യേക പദ്ധതി തയ്യാറാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുംവിധത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഡി. സി. സി. കൃത്യമായികൂടി പദ്ധതികൾ നടപ്പിലാക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസക്തമല്ല.

(സി) പ്രകൃതിക്ഷോഭങ്ങൾമൂലമുള്ള കെടുതികൾക്കുള്ള സഹായം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കൈമാറിയ വിഷയമല്ലാത്തതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ദുരിതാശ്വാസ നടപടികൾ ഏറ്റെടുക്കുവാൻ നിലവിൽ മാർഗ്ഗനിർദ്ദേശങ്ങളില്ല.

(ഡി) ഡി. ഡി. സി. പദ്ധതികൾ നടപ്പിലാക്കാനുള്ളതല്ല; അവലോകനത്തിനുള്ളതാണ്. എന്നിരുന്നാലും ഡി. ഡി. സി. കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സർക്കാർ ആശുപത്രികളിലെ ജൈവാവശിഷ്ടങ്ങളുടെ സംസ്കരണം

148 [452] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:*
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: